# എൽനിനോ വീണ്ടും കാർഷിക മേഖലക്ക് ഭീഷണി

അശോകൻ ഞാറയ്ക്കൽ

ആഗോളവ്യാപകമായി കാലാവസ്ഥയിൽ വൻമാറ്റങ്ങൾ സൃഷ്ടിക്കുന്ന എൽനിനോ പ്രതിഭാസം തിരിച്ചെത്തുന്നു. കാർഷിക മേഖലയിൽ ഇത് ഏറെ പ്രഖ്യാതങ്ങളുണ്ടാക്കുമെന്നാണ് സൂചനകൾ. കാർഷികവിളനാശം, കൃഷിക്കാരുടെ പാപ്പരീകരണം, ആത്മഹത്യ തുടങ്ങിയവ ഇനിയുള്ള നാളുകളിൽ പത്രങ്ങളിൽ മുഖ്യസ്ഥാനം പിടിച്ചേക്കും.

1997ൽ എൽനിനോയോടനുബന്ധിച്ച് ലോകത്ത് പലേടങ്ങളിലും വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, വരൾച്ച എന്നിവ ബാധിച്ചിരുന്നു.

മലേഷ്യയിലും അയൽനാടുകളിലും പടർന്നുപിടിക്കുന്ന വരൾച്ചയുടെ ഫലമായി പാം ഓയിലിന്റേയും റബ്ബറിന്റേയും ഉൽപ്പാദനത്തിൽ ഇതിനകം വൻ ഇടിവുണ്ടായിക്കഴിഞ്ഞു. വിയറ്റ്നാമിലെ വരൾച്ച കാപ്പിയുടെ ഉല്പാദനത്തെ ബാധിച്ചിട്ടുണ്ട്. അതേസമയം കഴിഞ്ഞ മാസം ചൈനയിലുണ്ടായ വെള്ളപ്പൊക്കം 260,000 ഹെക്ടറിലെ നെൽകൃഷിയേയാണ് നശിപ്പിച്ചത്. വെള്ളപ്പൊക്കക്കെടുതികളിൽ 596 മരണവും 3 ബില്ല്യൺ ഡോളറിന്റെ സാമ്പത്തികനഷ്ടവും ഉണ്ടായിട്ടുണ്ട്. ആസ്ട്രേലിയയിലെ വരൾച്ച കരിമ്പുല്പാദനത്തെയാണ് ബാധിച്ചിരിക്കുന്നത്.

വടക്കേ ഇന്ത്യയിലും വരൾച്ച കടുത്തതാണ്. ഗോതമ്പ്, അരി, മറ്റു കാർഷികവിളകൾ എന്നിവയുടെ ഉല്പാദനത്തിൽ ഇടിവുണ്ടാകും. എൽനിനോ പ്രതിമാസം ഏറ്റവും കുറവ് ബാധിക്കുക വടക്കേ അമേരിക്കയെ ആണ്. അതുകൊണ്ടുതന്നെ എൽനിനോ കൊണ്ട് കാർഷികവിളകളിലുണ്ടാകുന്ന വിലക്കയറ്റം അമേരിക്കൻ കർഷകരേയും സാമ്പത്തിക പ്രതിസന്ധിയിലാണ്ടിരിക്കുന്ന അമേരിക്കൻ സമ്പദ്‌വ്യവസ്ഥയേയും സഹായിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.